**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **20-06-2024 - ൽ മറുപടിയ്ക്ക്**

**പക്ഷിപനി പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ല ഉൾപ്പെടെ വിവിധ ജില്ലകളിൽ കഴിഞ്ഞ വർഷങ്ങളിൽ പക്ഷിപ്പനിമൂലം ആയിരക്കണക്കിന് താറാവുകളെ കൊന്നൊടുക്കിയത് മൂലം നഷ്ടമുണ്ടായ താറാവ് കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തതിന്റെ വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; | (എ) | **ക**ഴിഞ്ഞ വർഷങ്ങളിൽ പക്ഷിപ്പനിമൂലം താറാവുകളെ കൊന്നൊടുക്കിയത് മൂലം നഷ്ടമുണ്ടായ താറാവ് കർഷകർക്ക് വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയുടെ മണ്ഡലം തിരിച്ചുള്ള വിശദംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പക്ഷിപനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഭാവിയിൽ ശാസ്ത്രീയമായി ഇതിനെ പ്രതിരോധിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ കോർഡിനേറ്റർമാർ മുഖേന സർവൈലൻസ് പ്രവർത്തനങ്ങൾക്കായി പക്ഷികളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇത് വഴി രോഗസാധ്യത തുടക്കത്തിലേ കണ്ടുപിടിക്കുകയും രോഗവ്യാപനം തടയാൻ നടപടിയെടുക്കാനും സാധിക്കുന്നു.<br><br>സംസ്ഥാനത്ത് പക്ഷിപ്പനി രോഗബാധ അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി രോഗബാധ വരുവാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള വ്യാപനം, ദേശാടനപ്പക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി സംഘം സ്ഥലങ്ങൾ സന്ദർശിച്ച് രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാനും പഠനത്തിന്റെ അടിസ്ഥാനത്തിൽ, കൈക്കൊള്ളേണ്ട ജില്ലാതല-സംസ്ഥാനതല രോഗപ്രതിരോധ നടപടികൾ, ത്വരിതഗതിയിൽ കൈക്കൊള്ളേണ്ട നടപടികൾ, ദീർഘകാല പദ്ധതികൾ എന്നിവ തയ്യാറാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | ജില്ല | മണ്ഡലം | നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | ചിറയിൻകീഴ് | 1444 താറാവുകളെ കൊന്നൊടുക്കിയത് മൂലം നഷ്ടമുണ്ടായ താറാവ് കർഷകർക്ക് നഷ്ടപരിഹാരമായി Rs. 2,88,600/- നൽകിയിട്ടുണ്ട്. |
| 2 | പത്തനംതിട്ട | പത്തനംതിട്ട | 2023-24 കാലയളവിൽ 12 താറാവ് കർഷകർക്ക് നഷ്ടപരിഹാരമായി Rs. 16,400/- നൽകിയിട്ടുണ്ട്. |
| 3 | ആലപ്പുഴ | കുട്ടനാട് | 2020-21 : Rs. 36,60,550/-<br>2021-22: Rs. 47,03,000/-<br>2022-23: Rs. 21,300/- |
| | | അമ്പലപ്പുഴ | 2021-22: Rs. 72,41,395/-<br>2022-23: Rs. 49,34,470/- |
| | | ഹരിപ്പാട് | 2020-21 : Rs. 71,76,350/-<br>2021-22: Rs. 1,81,76,800/-<br>2022-23: Rs. 60,67,065/- |
| 4 | കോട്ടയം | വൈക്കം | 2021: 56,99,000/-<br>2023: Rs. 24,60,390/- |
| | | ഏറ്റുമാന്നൂര് | 2021: Rs. 31,69,000/-<br>2023: Rs. 21,96,800/- |
| | | കോട്ടയം | 2021: Rs. 70,200/- |
| 5 | എറണാകുളം | പിറവം | Rs. 2100/- |
| 6 | മലപ്പുറം | വള്ളിക്കുന്ന് | Rs. 20,570/- |
| | | തിരൂരങ്ങാടി | Rs.5,57,710/- |